(ബി) ടിയാന്റെ നിയമനം സംബന്ധിച്ച് ഏതെങ്കിലും കോടതി ഉത്തരവുണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(സി) ടിയാന് ഉടൻ തന്നെ സീനിയോരിറ്റി പുനസ്ഥാപിച്ച് നിയമനം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 24-7-2010-ന് പി.എസ്.സി. പ്രസിദ്ധീകരിച്ച DEO റാങ്ക് ലിസ്റ്റിൽ ലിസ്റ്റ് എ (ഓപ്പൺ ക്വാട്ട) എന്നും ലിസ്റ്റ് ബി (ടീച്ചിംഗ് ക്വാട്ട) എന്നും രണ്ട് ഭാഗങ്ങളുണ്ട്. ഇതിൽ ലിസ്റ്റ് എ-യിൽ ഒന്ന് (എ) റാങ്കുകാരൻ ഇല്ല. എന്നാൽ ലിസ്റ്റ് (ബി)യിൽ ഒന്ന് (എ) റാങ്കുകാരനായി ശ്രീ. സി. മനോജ്കുമാറിനെ റ്റി. എ. നമ്പർ 4666/12-ൽ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19-6-2013-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30-10-2013-ലെ കൂട്ടിച്ചേർക്കൽ വിജ്ഞാപനത്തിലൂടെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി. മനോജ്കുമാറിനെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുമുമ്പുതന്നെ നിലവിലുണ്ടായിരുന്ന ഒഴിവിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നടത്തിയതിനാൽ ടിയാന് നിയമന ശിപാർശ നൽകാൻ പി.എസ്.സി.-ക്ക് കഴിഞ്ഞിട്ടില്ല.

(ബി) ടിയാന് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുണ്ടെങ്കിൽ റാങ്ക് ലിസ്റ്റിൽ അർഹമായ സ്ഥാനത്ത് ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ റ്റി.എ. നമ്പർ 4666/2012-ൽ 19-6-2013-ന് ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഏഴ് ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ടിയാന് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II എഴുത്തുപരീക്ഷ

79 (3710) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 ഡിസംബറിൽ കാറ്റഗറി നമ്പർ. 665/2012 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച ആരോഗ്യവകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ

LIBRARY ARCHIVES Kerala Legislative Assembly

ഗ്രേഡ് II തസ്തികയുടെ എഴുത്ത് പരീക്ഷ നാളിതുവരെയായി നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരീക്ഷ നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പരീക്ഷ അടിയന്തരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

വിമുക്തഭടന്മാർക്ക് വീട്ടുകരത്തിൽ ഇളവ്

80 (3711) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്ത ഭടന്മാരുടെയും വിധവകളുടെയും പേരിലുള്ളതും അവർ താമസിക്കുന്നതിന് ഉപയോഗിക്കുന്നതുമായ ഭവനങ്ങൾക്ക് തറവിസ്തീർണ്ണം നോക്കാതെ വീട്ടുകരം ഒഴിവാക്കി 29-8-2009-ലെ സ.ഉ. (എംഎസ്.) നമ്പർ 171/09 ത.സ്വ.ഭ.വ. പ്രകാരം ഉത്തരവിട്ടിരുന്നത്, 2000 ചതുരശ്ര അടിയിൽ താഴെയുള്ള വീടുകൾക്ക് മാത്രമാക്കി 2-7-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 242/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവിറക്കിയതിലൂടെ നല്ലൊരു വിഭാഗം വിമുക്തഭടന്മാരും ഈ ആനുകൂല്യം ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വീടിന്റെ വിസ്തൃതി കുറച്ച് ഉത്തരവിറക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

(സി) ആഡംബര നികുതി ഈടാക്കുന്നത് 3000 ച: അടിയിൽ കൂടുതലുള്ള വീടുകൾക്ക് മാത്രമാണെന്നിരിക്കെ വിമുക്ത ഭടന്മാർക്കുള്ള ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി&സി) വിമുക്തഭടന്മാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാന്മാർ/ജവാന്മാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യമാരുടെ പേരിലുള്ളതോ

LIBRARY ARCHIVES Kerala Legislative Assembly